# ജനനി

## സെന്റ് മൈക്കിൾസ്

ഗേൾസ് എച്ച്.എസ്.എസ്

വെസ്റ്റ്ഹിൽ



നമസ്കാരം,

ഞങ്ങൾ സെന്റ് മൈക്കിൾസ് സ്കൂളിലെ 9-ാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഒത്തുചേർന്ന് നിർമ്മിച്ച സമാഹരണമാണിത്.സ്കൂളിന്റെ കേന്ദ്രീയ മൂല്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായ ' സാംസ്കാരിക പൈത്രകത്തോടും ജീവനോടും പ്രകൃതിയോടും ബഹുമാനമുണ്ടായിരിക്കുക" എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് ഞങ്ങൾ ഇത് ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഈ മാഗസീൻ തയ്യാറാക്കുന്നതിനു സഹകരിച്ച മുഴുവൻ ലിറ്റിൽ കൈറ്റസ് അംഗങ്ങൾക്കും ഇതിന് നേതൃത്വം നൽകിയ ടീച്ചേഴ്സിനും നന്ദി അർപ്പിക്കുന്നു. പ്രകൃതി അമ്മയാണെന്ന ആപ്തവാക്യത്തെ മുൻനിർത്തിക്കൊണ്ട് ഈ സമാഹരണം നിങ്ങൾക്ക് സമർപ്ക്കുന്നു

എന്ന്
എഡിറ്റോറിയൽ ബോർഡ്.

# ആശംസകൾ

ലിറ്റിൽ കെറ്റ്സ് അംഗങ്ങൾക്ക്
എല്ലാ ഭാവുകങ്ങളും നേരുന്നു

എന്ന്
Sr. സിനി കുര്യൻ



# എഡിറ്റോറിയൽ ബോർഡ്

- അലൈഡ
- ശിവന്യ
- അവന്തിക
- ദൈന്യ പ്രവീൺ
- നന്ദന

# ഉള്ളടക്കം

1. അമ്മയാം കവചം

2. ഇനിയെന്ന് അമ്മതൻ മന്ദസ്മിതം

3. ഒന്നിച്ച് സംരക്ഷിക്കാം

4. നിനവ്

5. പരിസ്ഥിതി (അനുഭവം)

6. പ്രകൃതിയെൻ മാതാവ്

7. മാനവ വികസനം

8. മാലിന്യ വിമുക്ത പരിസരം

9. രണ്ടു മദ്ധ്യങ്ങൾ

10. വികസനം-നാശനം

11. വരും തലമുറയ്ക്കായി പ്രകൃതി സംരക്ഷണം

12. സുന്ദരിയുടെ കണ്ണുനീർ

13. സൗന്ദര്യ താളുകൾ

14. സംരക്ഷിക്കാം നാളേയ്ക്കായി (പ്രസംഗം)

# അമ്മയാം കവചം

എല്ലാ ജീവജാലങ്ങളും സസ്യങ്ങളും മൃഗങ്ങളും ജീവനുള്ളതും അല്ലാത്തതും ആയ എല്ലാ വസ്തുക്കളും വസിക്കുന്ന ഒരു സംരക്ഷണ കവചമാണ് പരിസ്ഥിതി. അത് ജീവൻ ഉൾക്കൊള്ളുന്ന ഒരു അന്തരീക്ഷം സൃശഷ്ടിക്കുന്നു. മനുഷ്യരാശിക്ക് പരിസ്ഥിതി പ്രധാനമാണ്. അതുപോലെ സുരക്ഷിതവും ശുദ്ധവുമായ അന്തരീക്ഷവും. ഇപ്പോൾ മനുഷ്യൻ്റെ പ്രവർത്തനങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഇന്നത്തെ കാലത്ത് ഏറെ കണ്ടുവരുന്ന മനുഷ്യരുടെ അക്രമണങ്ങളിൽ ഒന്നാണ് പ്രകൃതിയുടെ മുകളിൽ ഉള്ള കടന്നു കയറ്റം. പരിസ്ഥിതി നശിക്കും തോറും നമ്മൾ മനുഷ്യരും മൃഗങ്ങളും മറ്റു ജീവജാലങ്ങളുമാണ് നശിക്കുന്നത്. നമ്മുടെ വരാൻ പോകുന്ന തലമുറയെയാണ് നാം നശിപ്പിക്കുന്നത്.ഏതൊരു വീടിന്റെയും മുറ്റം കണ്ടാൽ അറിയാം വീടിന്റെ ശുചിത്വവും മേന്മയും എന്ന് പറയുന്നതുപോലന്നെയാണ് ഒരു നാടിന്റെയോ അഥവാ ഗ്രാമത്തിന്റെയോ ചുറ്റുപാട് കണ്ടാൽ അറിയാം ആ നാടിനെയും നാട്ടുകാരെയും പറ്റി. ചുറ്റുപാട് നന്നായാൽ വീട്ടിലുള്ളവരുടെ ആരോഗ്യവും നന്നാവും. ശുദ്ധവായുവും ശുദ്ധജലവുമാണ് അതിന് കാരണം.

ഈ കുറഞ്ഞ കാലത്ത് ഏറെ കേട്ടുവന്ന രോഗങ്ങളിൽ ഒന്നായിരുന്നു പ്ലാസ്റ്റിക്ക് കത്തിച്ച പുക ശ്വസിച്ചു ഉണ്ടാകുന്ന അസുഖം എന്നാൽ ഇന്ന് അത് കുറഞ്ഞിരിക്കുന്നു. അതിനു കാരണം നമ്മുടെ ഗവൺമന്റ് രൂപീകരിച്ച ഹരിത കർമ്മ സേന പദ്ധതി . ഒരോ വീട്ടിലെയും പ്ലാസ്റ്റിക്ക് വേസ്റ്റുകൾ അവരെ ഏൽപ്പിക്കുന്നതിലൂടെയാണ് ഇത് സാധ്യമാകുന്നത്. പരിസ്ഥിതി സംരക്ഷണം വളരെയികം പ്രാധാന്യം ഏറിയതാണ്. പരിസ്ഥിതിയെ സംരക്ഷിക്കുക എന്നുള്ളത് ഓരോ മനുഷ്യന്റെയും ധർമ്മമാണ്. അത് നിറവേറ്റുകയാണ് ഓരോ മനുഷ്യന്റെയും കടമ.

ആർദ്ര പ്രദീപ് VII E

# ഇനിയെന്ന് അമ്മതൻ മന്ദസ്മിതം?

തിരാനോവിലും മാറോടണയ്ക്കുവാൻ
തീരാകടമ്പകളെ സാന്ത്വനമാക്കുവാൻ
അമ്മയാം പ്രകൃതി,തൻ മാധുര്യമൂട്ടയാ
തീഗോളമാകും തൻ മാനസ്സത്തൊട്ടിലിൽ!
പൂക്കളുംപുഴക്കളും ഓർമ്മയായ് മാറവേ
ബാല്യത്തിലക്കാലമെത്ര മനോഹരം!
പൂക്കളെങ്ങുപോയ് ? പൂക്കാലമെങ്ങുപോയ് ?
അമ്മതൻപുഞ്ചിരി കൊഞ്ചലോ മാഞ്ഞു-
തൊട്ടാവാടിയും മെല്ലെ പതുങ്ങയാ-
ണക്ഷരം പോലും നിശബ്ദമായ് തീരവേ !
ജീവിതം ദാനമായ് തന്നൊരാ അമ്മയെ
ദീനമായ് നാശത്തിലേക്കു നടത്തവേ
കത്തുന്നതഗ്നി ജ്വാലകൾ നിശ്ചയം
പെയ്യുന്നതുതാൻ കണ്ണീർ മഴകളും !
ഇനിയെന്ന് വീണ്ടും ആ ബാല്യക്കാലത്തേക്ക്!
ഇനിയെന്ന് അമ്മതൻ മന്ദസ്മിതം ?

പാർവണ പ്രജിത്ത്
IX-D

# ഒന്നിച്ച് സംരക്ഷിക്കാം

എനിക്ക് ഒരിക്കലും മറക്കാൻ പറ്റാത്ത ഒരനുഭവം ഞാനിന്നിവിടെ പങ്കുവെയ്ക്കാൻ ആഗ്രഹിക്കുന്നു. ഓർക്കുമ്പോൾ വളരെ അഭിമാനപൂർണ്ണമായ ഒരു അനുഭവമാണ്. 8-ാം ക്ലാസിന്റെ വേനലവധിക്ക് ഞങ്ങൾ കുടുംബവുമൊത്ത് ഒരു യാത്ര പോവാൻ തീരുമാനിച്ചു. വെള്ളിയിൽ നിന്ന് യാത്രയാരംഭിച്ച ഞങ്ങൾ വയനാട് ചുരം കയറിയപ്പോൾ നല്ലൊരു തണുത്തകാറ്റുവീശി . ആ തണുത്തക്കാറ്റിൽ ഞങ്ങൾ  ഒന്നു മയങ്ങി ബസ്സിൽ നിന്ന് ബാക്കിയുള്ളവർ ഇറങ്ങുന്നത് കേട്ടാണ് ഞാൻ ഉണർന്നത്. ഉമ്മ എന്നെയും സഹോദരിമാരെയും വിളിച്ചുണർത്തി. എന്നിട്ട് ഉമ്മ പറഞ്ഞു ഭക്ഷണം കഴിക്കാമെന്ന് .  ബസ് റോഡരികിൽ നിർത്തിയിട്ട് ഞങ്ങൾ ഭക്ഷണം കഴിക്കാൻ ഇരുന്നു. എല്ലാവരും ഭക്ഷണം കഴിച്ച കഴിഞ്ഞപ്പോഴാണ് ഞങ്ങൾ ഒരു കാര്യം ശ്രദ്ധിച്ചത് അവിടെ ഒരു ഭാഗത്ത് വെറെ ഏതോ ആൾക്കാർ വന്ന് ഭക്ഷണം കഴിച്ച് അവിടെ ചപ്പുചവറുകൾ വലിച്ചെറിഞ്ഞിരിക്കുന്നു. ഇതു കണ്ട ഞങ്ങൾ എല്ലാവരും അതെല്ലാം കൂടി വലിയൊരു സഞ്ചിയിലാക്കി ബസിൽ എടുത്തുവെച്ചു. അപ്പോഴേക്കും വേറൊരു ടീം വന്ന് ഭക്ഷണം കഴിക്കാൻ ഇരുന്നു. അപ്പോൾ ഉപ്പ പറഞ്ഞു അവിടെ വേസ്റ്റ് ഇടരുതെന്നും എല്ലാവരും യാത്രചെയ്യുന്നതും ഇരിക്കാൻ വരുന്നതുമായ സ്ഥലമാണ് എന്ന് . ഇതു കഴിഞ്ഞപ്പോൾ ഞാൻ എന്നല്ല ഞങ്ങൾ എല്ലാവരും അഭിമാനത്തോടെ തലയുയർത്തി നിന്നു.

ഫാത്തിമ ഹാദിയ പി.പി    IX A

# നിനവ്

തിരമാലപോലെൻ മനസ്സ വന്നിറങ്ങിയ
പൂമ്പാറ്റയാണു നീ.........
ആരോരുമറിയാതെയെന്നരികിൽവച്ചുണർത്തിയ
വാലാട്ടിയാണു നീ........
എൻമനസ്സിൽ..........
ഒരുശലഭം പോലെ നീ.......
തിരമാലപോലെൻ മനസ്സ വന്നിറങ്ങിയ
പൂമ്പാറ്റയാണു നീ.........
ആരോരുമറിയാതെയെന്നരികിൽവച്ചുണർത്തിയ
വാലാട്ടിയാണു നീ........

തീർത്ഥ ഷിജിത്ത്
VI C

# പരിസ്ഥിതി അനുഭവം

പരിസ്ഥിതിയുമായി ഇണങ്ങിച്ചേർന്ന ഒരു കൊറോണക്കാലമാണ് എനിക്ക് ഓർമ്മവരുന്നത്. സ്കൂളിൽ പോകാൻ കഴിയാതിരുന്നതിന്റെയും കൂട്ടുകാരോടൊപ്പം കളിക്കാൻ സാധിക്കാതിരുന്നതിന്റെയും വിഷമവും എനിക്ക് ഉണ്ടായിരുന്നു. അങ്ങനെ ഇരിക്കുമ്പോൾ പയർമണിയുടെ വിത്ത് ഞാൻ അടുക്കളയിൽ കണ്ടു. അതെല്ലാം എടുത്ത് ഞാൻ ഒരു തുണിയിൽ നനച്ചുകെട്ടിവച്ചു അതു മുളച്ചുവരുമ്പോഴേക്കും അതു നടാനുള്ള നിലം ഞാൻ വൃത്തിയാക്കിയെടുത്തു. മുളച്ചുവന്ന ഓരോ തൈകളും നട്ടു അതു വലുതായിവരുമ്പോഴേക്കും അതിനു ഞാൻ പന്തൽ ഒരുക്കികൊടുത്തു. അതിനോടു ചേർന്നു തന്നെ വെണ്ടയ്ക്കയും ചീരയും മുളകുമെല്ലാം ഞാൻ നട്ടു. എല്ലാം വളർന്നുവലുതാകുമ്പോൾ എനിക്ക് മനസ്സിൽ ഉണ്ടായിരുന്ന സന്തോഷം ചെറുതൊന്നുമായിരുന്നില്ല. ഞാൻ നട്ടുവളർത്തുന്നത് കണ്ടപ്പോൾ വീട്ടിലുള്ള എല്ലാവർക്കും ആവേശമായി അവരും ഒരുപാട് ചെടികൾ ഉണ്ടാക്കാൻ തുടങ്ങി . ചെടികൾ വളർന്ന് അതിൽ എല്ലാം പൂക്കൾ ഉണ്ടായി ഇതിന്റെ മനോഹാരിതകാണാൻ എന്റെ എല്ലാ കൂട്ടുകാരും വൈകുന്നേരം വീട്ടിൽ വരാറുണ്ടായിരുന്നു. ഞാനും എന്റെ കൂട്ടുകാരും വീടിന് ചുറ്റും ചെടികളും പച്ചക്കറികളും നട്ടു വളർത്തി. വൈകുന്നേരം കൂട്ടുകാർ വരും എന്നിട്ട് ഞാനും അവരും  പൂക്കളുടെ കൂടെ ഫോട്ടോ എടുക്കും. പല നിറത്തിലും ഭംഗിയിലുമുള്ള പൂമ്പാറ്റകൾ എന്റെ പൂക്കളിൽ നിന്ന് തേൻ നുകരും . ഇതെല്ലാം ഞങ്ങൾ ഫോട്ടോയിൽ പകർത്തിവച്ചു. വെണ്ടയും പയറും ചീരയും മുളകുമെല്ലാം ഞങ്ങൾ പറിച്ച് അടുത്തടുത്ത വീട്ടിൽ ഉള്ള എല്ലാവർക്കും കൊടുത്തു. ഇത് എന്റെ ജീവിതത്തിലെ അവിസ്മരണീയമായ അനുഭവമായിരുന്നു.

പാർവതി കെ.കെ  IX A

# പ്രകൃതി എൻ മാതാവ്

പ്രകൃതി അമ്മയാണ്. അങ്ങനെ ഉള്ള നമ്മുടെ അമ്മയെ നശിപ്പിക്കരുത്. പരിസ്ഥിതിക്ക് ദോഷകരമായ രീതിയിൽ മനുഷ്യൻ പ്രവർത്തിക്കുന്നത് ലോകനാശത്തിന് തന്നെ കാരണമാകും. പ്രകൃതിദത്ത പ്രകൃയയിൽ നിന്ന് ഒരു പ്രധാന സംഭവം ആണ് പ്രകൃതി ദുരന്തം. ഇത് ഒരു സ്വാഭാവിക പ്രക്രിയയാണ്. ഭൂമിയെ സുരക്ഷിതവും ഭദ്രവും ആയ ഒരു ഹരിത കേന്ദ്രമായി അടുത്ത തലമുറയ്ക്ക് കൈമാറുകയും ചെയ്യേണ്ടത് ആവശ്യമാണ്. നഗരങ്ങൾ എല്ലാം മലിനീകരണത്തിന്റെ മാരകഫലങ്ങൾ അനുഭവിച്ച് തുടങ്ങിയിരിക്കുന്നു. കൂടുതൽ ആളുകൾ നഗരങ്ങളിലും മറ്റ് വലിയ പട്ടണങ്ങളിലും താമസിക്കുന്നത് കുടിവെള്ളത്തിനും ശുചീകരണത്തിനും പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. അതോടൊപ്പം ആരോഗ്യപ്രശ്നങ്ങളേറി വരികയും ചെയ്യുന്നു. മനുഷ്യവംശത്തെ തന്നെ കൊന്നൊടുക്കാൻ ശേഷിയുള്ള മാരകരോഗങ്ങൾ പടർന്നുപിടിക്കുന്നു. സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ പുരോഗതിക്ക് വികസനം അനിവാര്യമാണ് . ഈ വികസനപ്രക്രിയ പലപ്പോഴും പരിസ്ഥിതിയെ ദോഷകരമായി ബാധിക്കും. അതുകൊണ്ട് തന്നെ പരിസ്ഥിതി സംരക്ഷണത്തെ കഴിയുന്നത്ര ദോഷകരമായി ബാധിക്കാത്ത വിധത്തിൽ .ആയിരിക്കണംവികസനം നടപ്പിലാക്കേണ്ടത്

ആയിഷ മിൻഹ
VIII A

# മാനവവികസനം

കാടുകൾ കരഞ്ഞുരുകി,മലകൾ
മുറിവേറ്റുവീണു
മണ്ണിൻനെഞ്ചിൽ കത്തികുത്തി-
യിറങ്ങി
പുഴകൾ ചോർന്നൊലിച്ചു,
നീർച്ചാലിൻ ഗതിനിലച്ചു
വന്യത നിശബ്ദമായി
പാട്ടുകൾ മറഞ്ഞുപോയി
മൃഗങ്ങൾ അലഞ്ഞുപോയി
വേദനയിൽ കിടന്നു പുളഞ്ഞ്
കാറ്റിന്റെ തലോടലില്ല ,
പൂമ്പാറ്റയുടെ വന്നുപോക്കുമില്ല
പ്രകൃതി ആർത്തലയ്ക്കുന്നു
മനുഷ്യനോ പുരോഗമിച്ച് കൊന്നതിന്നുന്നു
പ്രകൃതിയോതൻ മൃതരാഗംമീട്ടീ
മനുഷ്യാ,
ഇതിൽ നിനക്ക് എന്തുകിട്ടി?

ദേവികഗിരീഷ്   VIII E

"പ്രകൃതിയുടെ ചാരുതയിലൂടല്ലാതെ സ്വർഗ്ഗത്തിലേക്കൊരു കോണി കണ്ടെത്താൻ എന്റെ ആത്മാവിനു കഴിയുന്നില്ല"

–മൈക്കലാഞ്ജലോ



# മാലിന്യ വിമുക്തപരിസരം

നേരം പര പര വെളുത്തു. എല്ലാവരും എണീറ്റ് ഓരോ തിരക്കിലാണ്. അതാ അടുക്കളയിൽ നിന്നും അമ്മയുടെ ശബ്ദം. നീ ഇതുവരെ എണീറ്റില്ലേ രാമു. ചേച്ചി പറഞ്ഞു ഇല്ല അവൻ ഉറങ്ങുകയാണ് അച്ഛൻ രാമുവിനെ വിളിച്ചു അവൻ ഉണർന്നു. അമ്മയുടെ അടുത്തേക്ക് ചെന്നപ്പോൾ അമ്മ പറഞ്ഞു. രാമു നീ ചായ കുടിച്ചോ. ഞാൻ ടേബിളിൽ എടുത്ത് വെച്ചിട്ടുണ്ട്. രാമു പറഞ്ഞു  അമ്മേ ഇന്ന് അമ്പലപ്പറമ്പിൽ ഉത്സവ . ഞാനും കൂട്ടുകാരും പൊക്കോട്ടെ. എനിക്ക് കുറച്ചു പണം വേണം . ചേച്ചിക്ക് അത് കേട്ടപ്പോഴേക്കും ദേഷ്യം വന്നു. എന്തിനാ നിനക്ക് പണം. അതുകേട്ടതും അച്ഛൻ ചേച്ചിയോട് പറഞ്ഞു നീ അവനെ വഴക്ക് പറയണ്ട ഉത്സവമൊക്കെയല്ലേ അവന് എന്തെങ്കിലും വാങ്ങിക്കാൻ ആയിരിക്കും. രാമുവിന് സന്തോഷമായി.  അവന്റെ മുഖത്ത് പുഞ്ചിരി വിടർന്നു. അവൻ പ്രഭാത ഭക്ഷണവും കഴിച്ച് അച്ഛന്റെ അടുത്തുനിന്നു പൈസയും വാങ്ങി അമ്മയോടും അച്ഛനോടും യാത്ര പറഞ്ഞു പുറത്തേക്ക് ഓടി.തിരിച്ചുവരുമ്പോൾ പല നിറങ്ങളിലുള്ള കളിപ്പാട്ടങ്ങളും, പ്ലാസ്റ്റിക് കവറുകളിൽ ജിലേബിയും, മിഠായികളും, പൊരിയും വാങ്ങിച്ചിട്ട് അവൻ വീട്ടിലേക്ക്

വന്നു. വികൃതി കുട്ടിയായിരുന്നു. കൊണ്ടുവന്ന ഉടനെ



തന്നെ കളിപ്പാട്ടങ്ങളെല്ലാം

ഓരോന്നായിപൊട്ടിച്ചു

കളയാൻ തുടങ്ങി.വീടിനകത്തും,

പുറത്തുമായി പ്ലാസ്റ്റിക് തുണ്ടുകൾ

വാരി വിതറി. ഇത് കണ്ട് ചേച്ചി അച്ഛനോട് പറഞ്ഞു.

ഇതു കണ്ടോ 'അച്ഛാ ' രാമു കാണിച്ച കുട്ടിയത്. അച്ഛൻ

ഏറ്റവും ഇഷ്ടം രാമുവിനോട് ആയിരുന്നു അതുകൊണ്ട്

രാമു എന്ത് ചെയ്താലും രാമുവിനെ അച്ഛൻ വഴക്ക്

പറയാറില്ല. അച്ഛൻ ചേച്ചിയോട് പറഞ്ഞു. നീയത്

അങ്ങോട്ട് തുത്തുകളഞ്ഞേക്ക്. അപ്പോഴാണ് അതുവഴി

വന്ന അച്ഛന്റെ കൂട്ടുകാരൻ അത് കേട്ടത്. അയാൾ

അച്ഛനോട് പറഞ്ഞു. നീ എന്തു കളയാനാണ് പറഞ്ഞത്

അത് പ്ലാസ്റ്റിക് അല്ലേ. നമ്മുടെ വീടിന്റെ പരിസരത്ത്

തന്നെ അതു കളഞ്ഞാൽ നമുക്ക് തന്നെ അത്

ദോഷമാകും. അത് മണ്ണിൽ ലയിക്കില്ല. കത്തിച്ചു

കളഞ്ഞാൽ  അത് അന്തരീക്ഷത്തിലെ വായുവിൽ ആ

പുക കലർന്ന പല അസുഖങ്ങൾക്കും കാരണമാകും.


അതുകൊണ്ട് പ്ലാസ്റ്റിക് സാധനങ്ങളും, പ്ലാസ്റ്റിക്

കവറുകളും, കളിപ്പാട്ടങ്ങളും, ഒരു ചാക്കിൽ ശേഖരിച്ച്.

അത് എടുക്കാൻ വരുന്നവർക്ക് നൽകുക. അത

കേട്ടപ്പോൾ രാമുവിന്റെ അച്ഛന് കാര്യങ്ങൾ മനസ്സിലായി

അദ്ദേഹം തന്റെ തലയാട്ടി സമ്മതം മൂളി.


"പ്രകൃതി നമുക്കായി ദിവസവും
പെയിന്റിംഗ് ചെയ്യുന്നു,അനന്ത
സൗന്ദര്യത്തിന്റെ ചിത്രങ്ങൾ
-ജോൺ റസ്കിൻ



# രണ്ടു മത്സ്യങ്ങൾ

## ആസ്വാദനം

പ്രശസ്ത കവി അംബികാ സുതൻ മാങ്ങാടിന്റെ ജനപ്രിയമായ രചനയാണ് രണ്ടു മത്സ്യങ്ങൾ.

മനുഷ്യൻ പ്രകൃതിക്കു മേൽ അടിച്ചമർത്തുന്ന അരാജകത്ത്വമാണ് കഥയുടെ പ്രമേയം.വംശനാശം നേരിടുന്ന നെടുംചൂരി മത്സ്യങ്ങളായ അഴകനും പൂവാലിയും എന്ന സാങ്കല്പിക കഥാപാത്രങ്ങളിലൂടെയാണ്

കഥ പുരോഗമിക്കുന്നത്.ഈ അരാജകത്ത്വത്തിനെതിരെ വിരൽ ചൂണ്ടുന്ന പ്രതിനിധിയായി ഒരു തവളയും കഥാപാത്രമായി ഉണ്ട്.

നെടുംചൂരി മത്സ്യങ്ങളുടെ പ്രജനന സ്ഥലമായ ശുലാപ്പുകാവിലേക്കുള്ള യാത്രാമധ്യേ മനുഷ്യരുടെ കടന്നുകയറ്റം മൂലമുള്ള പ്രതിസന്ധികളെ തരണം ചെയ്ത്തു നീങ്ങുമ്പോൾ ഭൗതികപരിവേഷമുള്ള തവളയിൽ നിന്നും മാനവന്റെ കടന്നാക്രമണം മൂലമുള്ള പ്രകൃതിയുടെ ദുഷ്കരമായ സാഹചര്യം മനസിലാക്കുന്നതും പ്രതീക്ഷയുടെ കതിർ നാമ്പുകൾ പാകിക്കൊണ്ട് മനുഷ്യന്റെ കരങ്ങൾ

എത്താത്ത ഒരു പറുദീസ നിലനിൽക്കുന്നുണ്ടെന്ന വിശ്വാസത്തോടെ യാത്ര പുനരാരംഭിക്കുന്നിടത്ത് കഥ അന്ത്യത്തിലെത്തുന്നു.

പ്രകൃതിക്കുമേൽ മനുഷ്യൻ നടത്തുന്ന കടന്നുകയറ്റം ഉച്ചസ്ഥായിൽ എത്തി നിൽക്കുകയാണ് അതിനെ ചൂണ്ടികാണിക്കുകതന്നെയാണ് കഥാകൃത്ത് ഈ കഥയിലൂടെ ചെയ്യുന്നത്. ജീവികളുടെ പരസ്പരാശ്രയത്വമാണ് ആ വ്യവസ്ഥയുടെ അടിസ്ഥാനമാണെന്ന പ്രപഞ്ച സത്യം പാടെ മറന്നുകൊണ്ടുള്ള മനുഷ്യന്റെ ചെയ്തികളെ ഉറ്റുനോക്കുന്നതായി കഥ തീരുന്നു .



# വികസനം–നാശനം

മരം വെട്ടി , മല തിന്നു,
പുഴ വറ്റിച്ചു , ചൂടേറി വിയർത്തു!
പുരോഗതി നടന്നു ,
പൂക്കൾ മറഞ്ഞു,
കാട്ടുപാത കോൺക്രീറ്റായി,
പക്ഷികൾതൻ ശ്രുവലില്ലാതെയായി.
മണ്ണിന്റെ മണം മറന്നു,
മഴയും പൊള്ളി,
പ്രകൃതി പൊട്ടി;മനുഷ്യൻ ഒറ്റയ്ക്ക് !

ദേവിക ഗിരീഷ് VIII E



# പ്രസംഗം

## വിഷയം - പ്രകൃതി സംരക്ഷണം

പ്രകൃതി അമ്മയാണ്, ദേവിയാണ്, സർവ്വംസഹയാണ്. പ്രകൃതിയെ ദേവിയായികണ്ട് ആരാധിച്ചിരുന്ന ഒരു ആദർശഭാരത സംസ്കാരം നമുക്കുണ്ടായിരുന്നു. മനുഷ്യൻ ഭൂമിയിലെ ഏറ്റവും ബുദ്ധിയും ശക്തിയുമുള്ള ജീവി എന്ന് സ്വയം അഹങ്കരിക്കുന്ന മാനവർ ഇന്ന് പ്രകൃതിയെ മുച്ചൂടും നശിപ്പിക്കുകയാണ്. നഗരവൽക്കരണത്തിന്റെയും യന്ത്രവൽക്കരണത്തി ന്റെയും ഭാഗമായുണ്ടായ വായു മലിനീകരണം ഓസോൺ ശോശണം ആസിഡ് മഴയും മറ്റു പ്രകൃതി ദുരന്തങ്ങളുമാണ് ഭൂമിക്ക് സമ്മാനിച്ചത്. മനുഷ്യന്റെ അസംസ്കൃതമായ പ്രവർത്തനങ്ങളുടെ ഫലമാണ് കഴിഞ്ഞ വർഷങ്ങളിലായി നാം നേരിട്ട്കൊണ്ടിരിക്കുന്ന വെള്ളപ്പൊക്ക ദുരന്തങ്ങൾക്ക് കാരണമായത്. മനുഷ്യന്റെ പ്രകൃതി വിധ്വംസക പ്രവർത്തനങ്ങളുടെ ഫലമായി പശ്ചിമഘട്ട മലനിരകളാണ് നശിക്കുന്നത്. ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന് ആധാരമായ വായു, ജലം, മണ്ണ് എന്നിവയെല്ലാം പ്രകൃതി നമുക്ക് കനിഞ്ഞു നൽകിയതാണ്. എന്നാൽ മനുഷ്യന്റെ

ആർത്തിക്ക് വിരാമമിടാൻ പ്രകൃതിക്ക് സാധിക്കില്ല. ഭൂമിയിൽ ലഭ്യമായ ജലസമ്പത്തിന്റെ മൂന്നു ശതമാനം മാത്രമാണ് നമുക്ക് ലഭിക്കുന്നത്. എന്നാൽ അതിൽ ഒരു ശതമാനം മാത്രമാണ് ശദ്ധജലം. ആ ഒരു ശതമാനം പോലും അഴുക്കുചാലുകളായി മാറുകയാണ്. പ്ലാസ്റ്റിക്ക് മാലിന്യങ്ങളും ലോഹമാലിന്യങ്ങളും ഭൂമിയിൽ കുന്നുകൂടി കൊതുക്, ഈച്ച തുടങ്ങിയ രോഗവാഹികളായ ജീവികൾ മൂലം സാംക്രമികരോഗങ്ങൾ പടർന്ന് പിടികികുകയും ചെയ്യുന്നു.

മരങ്ങൾ വെട്ടി മാറ്റി പുഴകൾ മലിനമാക്കി വായുവിലേക്ക് വിഷം തുപ്പി മണ്ണിനെ മാലിന്യകൂമ്പാരമാക്കി മനുഷ്യൻ അവന്റെ വികസന ജൈത്രയാത്ര തുടരുകയാണ്. കാർഷിക മേഖലയിൽ, ആരോഗ്യ മേഖലയിൽ ,ഗതാഗത മേഖലയിൽ തുടങ്ങി മനുഷ്യൻ ഇടപെടുന്ന എല്ലാമേഖലകളിലും മലിനമാക്കപ്പെട്ടു കൊണ്ടിരിക്കുന്നു. പ്രകൃതിയെ നശിപ്പിക്കാതെ മലിനമാക്കാതെ നടത്തുന്ന വികസന പ്രവർത്തനങ്ങളാണ് നമുക്കിന്നാവശ്യം. ഒരുമരം മുറിച്ചാൽ പതരം പത്ത് മരം നട്ടുവളർത്തിയും പൊതുഗതാഗതവും സൈക്കിൾ സഞ്ചാരവും പ്രോത്സാഹിപ്പിച്ചും പുനചംക്രമണവും പുനരുപയോഗവും വർദ്ധിപ്പിച്ചും പ്ലാസ്റ്റിക്ക്

ഉപയോഗം കുറച്ചും പ്രകൃതിയെ പച്ചപ്പുള്ളതായി വീണ്ടെടുക്കാം.


മനുഷ്യന് പരമ്പരാഗതമായി ലഭിച്ചതല്ല മറിച്ച് വരുംകാല തലമുറയിൽ നിന്നും കടം വാങ്ങിയതാണ് ഈ ഭൂമി. പ്രശസ്തനായ ബാർബറാവാഡിന്റെ ഈ വാക്കുകൾ ഈ കാലഘട്ടത്തിൽ ഏറെ പ്രസക്തമാണ്. കടം വാങ്ങിയ ഈ ഭൂമിയെ കൂടുതൽ പച്ചപ്പോടും ശുചിത്വത്തോടും കൂടി ഭാവി തലമുറക്ക് കൈമാറുക എന്നതാണ് നമ്മുടെ കർത്തവ്യം. നാം വസിക്കുന്ന ഈ ഭൂമിയെ അങ്ങനെ നമുക്ക് ഒരു സ്വർഗ്ഗമാക്കി തീർക്കാം. പ്രകൃതി സംരക്ഷണത്തിനായി എല്ലാവർഷവും ജൂൺ അഞ്ചിന് നാം പ്രകൃതി സംരക്ഷണദിനമായി ആചരിക്കുന്നുണ്ടല്ലോ. അത് വെറും ഒരു ആഘോഷമായി കാണാതെ ജീവശ്വാസം എടുക്കുമ്പോൾ പോലും പ്രകൃതി സംരക്ഷണപരമായ, പ്രകൃതി സൗഹാദപരമായ തീരുമാനങ്ങൾ കൈകൊള്ളാം. ജീവിക്കുകയും ജീവിക്കാനനു വദിക്കുകയും ചെയ്യാം.

നന്ദി, നമസ്കാരം.

-എമി ഏയ്ഞ്ചൽ എലിസബത്ത്.

VIII-E

# സുന്ദരിയുടെ കണ്ണുനീർ



ഈ കഥ
തുടങ്ങുന്നത് വെള്ളം
കുലകുത്തിയൊഴുകുന്ന ഒരു
ഗ്രാമത്തിൽ നിന്നാണ് . പ്രളയം
തിരിച്ചുപോകുമ്പോൾ കൂടെ
കൊണ്ടുപോകാനായി
വീടുകളും ജീവനുകളും
ശേഖരിക്കുന്നു... അലർച്ചകളും
നിലവിളികളും ആ മണ്ണിൽ
മുഴങ്ങുന്നു . അതാ ! ആ നിലവിളിക്കുന്നത് മറ്റാരുമല്ല
പ്രളയത്തെ ആർത്തിയോടെ മാടിവിളിച്ചവനാണ്.


ഒരു സുന്ദരമായ ഗ്രാമമാണ് തേന്നല്ലൂർ
അവിടെ പുഴകൾ മുതൽ വെള്ളച്ചാട്ടം വരെയുണ്ട്...
ചെറുവീടുകളും പാടങ്ങളും കൊച്ചുകൊച്ച് കടകളുമുള്ള
നാട് . അവിടേക്ക് പണ്ട് തൽക്കാല താമസത്തിന്
വന്നയാളായിരുന്നു രാജൻപിള്ള. തേന്നല്ലൂരിന്റെ
ഭംഗിയിൽ മതിമറന്ന് അയാൾ അവിടെ തന്നെ
താമസിച്ചു കുടുംബമായി ,കുട്ടികളായി. അങ്ങനെ
കാലം അതിവേഗം ഓടി .. രാജൻപിള്ളയുടെ
പേരകുട്ടിയായിരുന്നു വിജയൻ .ജോലി സിറ്റിയിലെ 5
സ്റ്റാർ ഹോട്ടലിലാണ്.

40-ാം പിറന്നാൾ ആഘോഷിച്ച് മകനെയും
കൂട്ടി തന്റെ ജോലി സ്ഥലത്തെത്തിയ വിജയന്
അവിടെ ഒരുക്കിവെച്ചത് മതിവരാത്തവാക്കുകളാണ് .

ഹോട്ടൽ ഉടമസ്ഥൻ അയാളോട് ഇങ്ങനെ പറഞ്ഞു ," വിജയാ.... ഞങ്ങളീ ഹോട്ടലിന്റെ മറ്റൊരു ബ്രാഞ്ച് തുറക്കാൻ തീരുമാനിച്ചു. താൻ ഞങ്ങൾക്കൊരു ഭംഗിയുള്ള അധികം ഹോട്ടലുകളൊന്നും ഇല്ലാത്ത ഒരു സ്ഥലം കണ്ടെത്തിതന്നാൽ നിന്റെ ശമ്പളം ഇപ്പോൾ കിട്ടുന്നതിന്റെ ഇരട്ടിതരാം ." ആ വാക്കുകൾ അയാളുടെ മനസിനെ കുളിരണിയിച്ചു. പിറ്റേന്നയാൾ ഹോട്ടലുടമസ്ഥനെ കൂട്ടി തേന്നല്ലൂറിൽ വന്നു അവർക്കാസ്വർഗസുന്ദരസ്ഥലം ഇഷ്ടപ്പെട്ടു. ആ ഗ്രാമത്തിലെ പ്രധാന പുഴയായിരുന്ന കുറുഞ്ഞിപ്പുഴയെ നാട്ടുകാർ സുന്ദരിപ്പുഴ എന്ന് വിശേഷിപ്പിച്ചു. അതു നികത്തി തൊട്ടടുത്ത കുന്നിടിച്ച് ഒരു ഹോട്ടൽ ! അവരാപദ്ധതിയാരംഭിച്ചു ..നാട്ടുകാരെല്ലാം എതിർത്തിട്ടും അവരതുപേക്ഷിക്കാൻ തയ്യാറായില്ല.വർഷം ഒന്നാകുന്നതിനു മുൻപേ സുന്ദരിപുഴ യാത്രയായി.നാട്ടുകാർ ദുഃഖിതരായി. ഹോട്ടലിനു മുൻപിൽ ഒരു മൂപ്പൻ ആൽമരം ഉണ്ടായിരുന്നു. "ഭംഗി" എന്ന പേരിൽ മൂപ്പനെ അവർ വേരോടെപിഴുതു.

അങ്ങനെ സുന്ദരിയോടും മൂപ്പനോടുമുള്ള ക്രൂരതയ്ക്ക് പകരം ചോദിക്കാൻ വിജയന്റെ നാൽപ്പത്തിയൊന്നാം പിറന്നാൾ ദിവസം മഹാപ്രളയം കയറിവന്നു..ഒരു മൂന്നാം ലോകമഹായുദ്ധം പോലെ .

പ്രകൃതിയും
മനുഷ്യനും തമ്മിലുള്ള യുദ്ധം. അതവസാനിച്ചത് 11
ദിവസം പിന്നിട്ടപ്പോഴാണ് യുദ്ധമൊടുങ്ങി നാട്ടുകാർ
ഗ്രാമത്തിലെത്തിയപ്പോൾ അദ്ബുദമെന്നു പറയാം
സുന്ദരിപുഴയുടെ മുകളിലെ ഹോട്ടൽ അവിടെങ്ങും
കാൺമാനില്ല.സുന്ദരിയിൽ വീണ്ടും വെള്ളം
വന്നിരിക്കുന്നു.വിജയൻ മണ്ണിനടിയിൽ പെട്ടു
മരിച്ചു.കുടുംബം അനാഥം.പക്ഷെ ആ ഗ്രാമം പഴയ
സ്വർഗസുന്ദര ഗ്രാമമായി
മാറിയിരിക്കുന്നുസ..ശാന്തതയും സ്വസ്ഥതയും നിറഞ്ഞ
തേന്നല്ലൂർ തിരിച്ചു വന്നു.



# സൗന്ദര്യ താളുകൾ

നിൻ ഇരുളിൻ മടിത്തട്ടിലൊരു-
പോള കണ്ണടച്ചു ഞാൻ മയങ്ങി;
അനന്തവിഹായുസ്സിൻ
തീരത്തിലെവിടെയോ-
വെൺമതൂകും രാഞ്ജിയുടെ മന്ദഹാസ
ഇരുളിൻ തീക്ഷ്ണമാം തിരമാലകളി
അവൾക്കുകവജമേകി മിന്നുംകാവൽ
മാലാഖമാർ
കളങ്കം പൂശും
തിരമാലകൾതീരത്തടുത്തപ്പോൾ-
അവരെങ്ങോ മറഞ്ഞുപോയ് പിന്നെ-
നിയെൻ മുൻപിലണഞ്ഞൊരു
പ്രത്യക്ഷഭാവത്തിൽ;
നിൻ പുതുപ്രതിഭാസത്തിൽ
ഞാനാനന്ദംകൊണ്ടപ്പോൾ-
മാധുര്യംപകരുമാദിത്യ-
കിരണങ്ങളെനിക്ക്

പുതുരുചിയേകിയപ്പോൾ ഞാൻകണ്ടു
ആനന്ദവിഹായുസ്സിലൊരണയാത്തദീ
അവയേകി വൃക്ഷപർണ്ണത്തി-
നൊരു പുതുവർണ്ണം;
അതിനരികിലൊളിഞ്ഞുനിൽക്കും
കുഞ്ഞു പുഷ്പമേ......
എന്തിനേ നിൻ വർണ്ണഭംഗി
യാരും കണ്ടുകൂടാ...?
പാട്ടുപാടും കൊച്ചുകിളികൾക്ക്
പകരമായ്
നൽകിയെത്ര
മധുര തുള്ളികൾ നിൻ നാണ-
സ്മിതങ്ങളിൽ നിന്ന്;
അത്രമേൽസ്നേഹം തുടിക്കും പുഷ്പമേ-
കെഞ്ചും കാറ്റിനെന്തോളം സുഗന്ധം
.നൽകി നീ...........;
പ്രകൃതീ...... നിൻ സൗന്ദര്യത്തിൽ
തീരാതാളുകളെത്ര മനോഹരം....!

ശിവന്യ പ്രജിത്ത്

IX D

# സംരക്ഷിക്കാം നാളേയ്ക്കായി

മാന്യസദസ്സിന് വന്ദനം,

സുന്ദരമായ പ്രകൃതിദൈവദാനമാണ് ജീവിക്കാൻ ആവശ്യമുള്ളതെല്ലാം പ്രകൃതി പ്രദാനം ചെയ്യുന്നു. ശ്വസിക്കാൻ ആവശ്യമായ വായുവും ശുദ്ധമായ ജലവും ഭക്ഷണവും പ്രകൃതിയിൽ നിന്നും ലഭിക്കുന്നു ഇത്രയും ഫലഭ്രൂയിഷ്ടമായ പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ് . എല്ലാജീവജാലങ്ങളും പ്രകൃതിയെ ആശ്രൃയിച്ചാണ് ജീവിക്കുന്നത് . ഇതിനുവേണ്ടി മനുഷ്യൻ പരിസ്ഥിതിക്ക് ഗുണകരമായ രീതിയിൽ പ്രവർത്തിച്ചാൽ മതി. മാലിന്യങ്ങൾ കൃത്യമായി സംസ്കരിച്ചും,മരങ്ങൾ നട്ടുപിടിപ്പിച്ചും, ജലാശയങ്ങൾ മലിനമാക്കാതെയും നമുക്ക് പ്രകൃതിസംരക്ഷണവാഹകരാകാം എന്ന് ആശംസിച്ചുകൊണ്ട് നിർത്തുന്നു

നന്ദി ,നമസ്കാരം

എയിൻജലീറ്റ
IX-D

# നന്ദി

